# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 108**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, പ്രതിനിധി മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2023 ആഗസ്റ്റ് 30–ാം തീയതി തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലയോഗത്തിൽ താഴെ പേരുപറയുന്ന കശ്ശീശന്മാരെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ എപ്പിസ്ക്കോപ്പാമാരായി അഭിഷേകം ചെയ്യുന്നതിന് സഭാ പ്രതിനിധി മണ്ഡലം തെരഞ്ഞെടുത്തിരിക്കുന്നതായി സഭാ സെക്രട്ടറി നമ്മുടെ എപ്പിസ്ക്കോപ്പൽ സംഘത്തെ അറിയിച്ചിട്ടുള്ളതും ആയത് എപ്പിസ്ക്കോപ്പൽ സംഘം അംഗീകരിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത തെരഞ്ഞെടുപ്പ് നിയമാനുസരണം സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നു ഈ കല്പന മൂലം ഏവരേയും അറിയിക്കുന്നു.

1. ആർത്താറ്റ് കുന്നംകുളം മാർത്തോമ്മാ ഇടവകയിൽ ചെമ്മണ്ണൂർ
   **ദിവ്യശ്രീ. സാജു സി. പാപ്പച്ചൻ കശ്ശീശാ**
2. കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ കാരംവേലിമണ്ണിൽ
   **ദിവ്യശ്രീ. ഡോ. ജോസഫ് ഡാനിയേൽ കശ്ശീശാ**
3. മല്ലപ്പള്ളി മാർത്തോമ്മാ ഇടവകയിൽ കിഴക്കേചെറുപാലത്തിൽ
   **ദിവ്യശ്രീ. മാത്യു കെ. ചാണ്ടി കശ്ശീശാ**

തെരഞ്ഞടുക്കപ്പെട്ട കശ്ശീശന്മാർ ഈ തെരഞ്ഞെടുപ്പ് ദൈവവിളിയായി അംഗീകരിച്ച് ആയുഷ്ക്കാലം മുഴുവൻ സഭയിൽ നിയോഗിക്കപ്പെടുന്ന ശുശ്രൂഷകൾക്ക് സ്വയം സമർപ്പിക്കുവാൻ ദൈവം അവർക്ക് കൃപ നൽകട്ടെ. സഭാംഗങ്ങളുടെ ഏകാത്മാവിനാലുള്ള പ്രാർത്ഥന ആയതിന് അവരെ സഹായിക്കട്ടെ.

മണ്ഡലാംഗങ്ങൾ പ്രകടമാക്കിയ സഭയോടുള്ള സ്നേഹവും പ്രതിബദ്ധതയും ആവശ്യങ്ങളോടുള്ള പ്രതികരണവും വളരെ ശ്രദ്ധേയമായിരുന്നു. ആയത് പരിശുദ്ധാത്മ നിയോഗത്താൽ നിർവ്വഹിക്കുന്നതിന് ഇടയായതിൽ അനേകായിരങ്ങളുടെ പ്രാർത്ഥനയുടെ പിൻബലം പൂർണ്ണമായും ഉണ്ടായിരുന്നു. പ്രതിസന്ധികളിൽ എന്നും നമ്മെ വഴിനടത്തിയ ദൈവകൃപ തുടർന്നും തെരഞ്ഞെടുക്കപ്പെട്ട ഈ കശ്ശീശന്മാരെ ശക്തീകരിക്കട്ടെ.

2023 ഒക്ടോബർ മാസം 2–ാം തീയതി തിങ്കളാഴ്ച രാവിലെ 8 മണിക്ക് റാന്നി പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് ഈ വൈദീകർക്ക് റമ്പാൻ സ്ഥാനം നൽകുന്നതിനും 2023 ഡിസംബർ മാസം 2–ാം തീയതി ശനിയാഴ്ച രാവിലെ 7.30 ന് തിരുവല്ലായിൽ വച്ച് അവരെ എപ്പിസ്ക്കോപ്പാമാരായി അഭിഷേകം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നു.

ഈ വിശുദ്ധ ശുശ്രൂഷകളിൽ ഏവരും പ്രാർത്ഥനാപൂർവ്വം വന്ന് പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 സെപ്റ്റംബർ 9–ാം തീയതി,

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 108**

*Blessings to you all the Vicars, Resident Clergy, Trustees, Members of the Sabha Prathinidhi Mandalam and Members of all the Parishes under our authority.*

Dearly beloved in Christ,

The Sabha Prathinidhi Mandalam that met on 30th August 2023 at the Dr. Alexander Mar Thoma Valiya Metropolitan Smakara Auditorium, Thiruvalla, presided by the Metropolitan, has elected the following clergy to be consecrated as Episcopas of the Malankara Mar Thoma Syrian Church. The Sabha Secretary has reported this before the Episcopal Synod and the Synod has accepted the same. Therefore, it is hereby informed to all through this Circular that the said election has been ratified by law.

1. **Rev. Saju C. Pappachen**, Chemmannoor of Arthat Kunnamkulam Mar Thoma Church.
2. **Rev. Dr. Joseph Daniel**, Karamvelimannil of Kochukoickal Trinity Mar Thoma Church.
3. **Rev. Mathew K. Chandy**, Kizhakkecherupalathil of Mallappally Mar Thoma Church.

May God enable these clergy who are elected to recognize their election as the Divine call, and to offer themselves to the ministry of the Church throughout their lives. May the prayers of the Church, united in Spirit, enable them for the same.

The love of the Church, commitment, and response to the needs of the Church displayed by the Mandalam members was very remarkable. The sincere prayers of thousands of people were the strength behind carrying out the same by the commission of the Spirit. May the Grace of God, who has led always us in times of crisis, continue to strengthen these elected clergy.

It has been decided to conduct the Ramban Ordination service of these clergy at Ranni Pazhavangadikkara Immanuel Mar Thoma Church on Monday, 2nd October 2023 at 8:00 AM, and their Episcopal Consecration service at Thiruvalla on Saturday, 2nd December 2023, at 7:30 AM.

All are invited to prayerfully come and participate in these sacred services.

Grace be with you all.

Dated 9th September 2023 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**